അബ്ദുല്ല മൻഹാം

# ഖുർആനിലെ ക്രിയകൾ

വിശുദ്ധ ഖുർആനിലെ ചില ക്രിയകളെ ഈ ലക്കത്തിൽ പരിചയപ്പെടുത്താം. വ്യാകരണത്തിൽ 'ക്രിയ' എന്നത് പ്രധാനപ്പെട്ട പാഠമാണ്. ക്രിയക്ക് فعْلٌ എന്നാണ് അറബിപദം. പൂർണമായ വാചകത്തിൽ മിക്കവാറും 'ക്രിയ' ഉണ്ടായിരിക്കും.

ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَ

(സർവസ്തുതിയും അല്ലാഹുവിന്; അവൻ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചു. ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കി-6:1). جَعَلَ എന്ന ക്രിയക്ക് ഉണ്ടാക്കി, നിർമിച്ചു, സൃഷ്ടിച്ചു, നിയമിച്ചു, നിശ്ചയിച്ചു, നിയോഗിച്ചു, ആക്കി എന്നൊക്കെ അർഥമുണ്ട്.

മറ്റൊരുദാഹരണം:

هُوَ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا

(ഒരൊറ്റ സത്തയിൽ/ആത്മാവിൽ/അസ്തിത്വത്തിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചവനാണവൻ. അതിൽനിന്ന് തന്നെ അതിന്റെ ഇണയെയും സൃഷ്ടിച്ചു/ഉണ്ടാക്കി. ആ ഇണയോടൊത്ത് സംതൃപ്തിയോടെ കഴിയാൻ/ഇണയിൽ മനസ്സമാധാനം നേടാൻ-7:189)

ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَعَلَ فِيكُمْ أَنۢبِيَآءَ وَجَعَلَكُم مُّلُوكًا

(നിങ്ങളോർക്കുക: അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങൾ! അവൻ നിങ്ങളിൽ പ്രവാചകന്മാരെ നിയോഗിച്ചു: നിങ്ങളെ രാജാക്കന്മാരാക്കി-5:20)

وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً

(അവൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കി-30:21).

وَٱللَّهُ جَعَلَ لَكُمُ ٱلْأَرْضَ بِسَاطًا

(അല്ലാഹു നിങ്ങൾക്കായി ഭൂമിയെ വിരിപ്പാക്കിയിരിക്കുന്നു -71:19).

وَجَعَلَ ٱلْقَمَرَ فِيهِنَّ نُورًا وَجَعَلَ ٱلشَّمْسَ سِرَاجًا

(അവൻ അതിൽ (ആകാശത്ത്) വെളിച്ചമായി ചന്ദ്രനെ ഉണ്ടാക്കി; സൂര്യനെ വിളക്കുമാക്കി-71:16).

ഇങ്ങനെ വ്യത്യസ്ത അർഥങ്ങളിലായി (جعل) എന്ന ക്രിയയും അതിന്റെ വിവിധ രൂപഭേദങ്ങളും 346 തവണ ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്.

ക്രിയ കഴിഞ്ഞ കാലത്ത് സംഭവിച്ചതിനെക്കുറിച്ചാകുമ്പോൾ ഭൂതകാല ക്രിയ എന്നുപറയും. فعْلٌ ماضِى/الْفعْلُ الْمَاضِي എന്നാണ് അറബിയിൽ പറയുക. ഓരോ ക്രിയക്കും ഭൂതകാലക്രിയ, ഭാവികാലക്രിയ എന്നീ രണ്ട് രൂപങ്ങൾ ഉണ്ടാകും. ഭാവികാല ക്രിയയെ ഇപ്പോൾ നടക്കുന്നത് അഥവാ വർത്തമാനകാല ക്രിയ എന്നും ഭാവിയിൽ സംഭവിക്കാൻ പോകുന്നത് എന്നും രണ്ടായി തിരിക്കാം. കൂടാതെ കൽപ്പനക്രിയ

| ക്രിയ فعل | അവ്യയം حرف | ചേരുമ്പോൾ | ഉദാഹരണം |
|---|---|---|---|
| جَعَلَ | هُوَ + | جَعَلَهُ = 9 തവണ | وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ لَكُمْ (3:126), 87:5 |
| جعل | هُمْ + | جَعَلَهُمْ = 3 തവണ | فَجَعَلَهُمْ كَعَصْفٍ مَّأْكُولٍۭ (105:5) وَلَوْ شَآءَ ٱللَّهُ لَجَعَلَهُمْ أُمَّةً وَٰحِدَةً (42:8) |
| جعل | هِيَ + | جَعَلَهَا = 2 തവണ | 12:100 |
| جعل | أَنْتُمْ + | جَعَلَكُمْ = 9 തവണ | 5:20, 6:165 |
| جعل | أنا + | جَعَلَنِي = 4 തവണ | 19:30, 19:31, 26:21 36:27 |

എന്ന മൂന്നാമതൊരു രൂപവും ഉണ്ട്. അവയുടെ വിശദാംശങ്ങൾ പിന്നീട് പറയാം. ഇപ്പോൾ അന്ത്യത്തിൽ അവ്യയങ്ങൾ ചേരുമ്പോൾ എങ്ങനെയെന്ന് പരിശോധിക്കാം.

**കുറിപ്പ്:** അറബിയിൽ ക്രിയകളിൽ അവയുടെ കർത്താവ് കൂടി ഒളിഞ്ഞിരിപ്പുണ്ട്; അവ്യയ രൂപത്തിൽ. അതിനാൽ جعل എന്നതിന്റെ പൂർണമായ അർഥം അവൻ ഉണ്ടാക്കി/സൃഷ്ടിച്ചു/നിയോഗിച്ചു എന്നൊക്കെയാണ്.

ഭൂതകാല ക്രിയകൾക്ക് വിശുദ്ധ ഖുർആനിൽ നിന്നുള്ള മറ്റു ചില ഉദാഹരണങ്ങൾ:

| ക്രിയ | അർഥം | ഉദാഹരണം |
|---|---|---|
| ذَهَبَ (48 തവണ) | അവൻ പോയി/നടന്നു | 21:87, 23:91, 75:33 |
| فَتَحَ (38 തവണ) | അവൻ തുറന്നു/വിജയിച്ചു/ വിശാലമാക്കി | 2:76, 6:44, 48:01 |
| قَطَعَ (36 തവണ) | അവൻ മുറിച്ചു/വിഛേദിച്ചു/ വേർപെടുത്തി | 7:72, 59:5 |
| بَعَثَ (67 തവണ) | അവൻ അയച്ചു/നിയോഗിച്ചു/ മരണശേഷം ജീവിപ്പിച്ചു | 2:247, 3:164, 16:36, 36:52 |
| قَرَأَ (87 തവണ) | അവൻ വായിച്ചു | 16:98, 75:18, |